കീഴിലുള്ള ദേവസ്വം ഭൂമി കയ്യേറ്റം തടയുന്നതിന് മാത്രമായി ഒരു കെ.എൽ. സി. യൂണിറ്റ് ആരംഭിക്കുന്നകാര്യം സർക്കാരിന്റെ പരിഗണനയിലാണ്. കൂടൽമാണിക്യം ദേവസ്വത്തിൽ ഒരു സ്പെഷ്യൽ തഹസിൽദാരെയും സർവ്വെയറേയും നിയമിക്കുകയും ക്ഷേത്ര ഭൂമി കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ശ്രീ. പന്തല്ലൂർ ക്ഷേത്രഭൂമി സംബന്ധിച്ച് പന്തല്ലൂർ ദേവസ്വം ട്രസ്റ്റി സാമൂതിരി രാജയും ക്ഷേത്ര സംരക്ഷണ സമിതി പ്രസിഡന്റ് ശ്രീ. കെ. പി. മണികണ്ഠനും ഫയൽചെയ്ത ഹർജിയിന്മേലുള്ള ഏറനാട് അഡീഷണൽ തഹസിൽദാരുടെ ഉത്തരവിലും തുടർന്ന് ആർ.ഡി.ഒ. മുമ്പാകെയുള്ള അപ്പീൽ ഹർജിയിലെ ഉത്തരവിലും മലബാർ ദേവസ്വം ബോർഡ് കക്ഷിയായിരുന്നില്ല. പ്രസ്തുത ഉത്തരവുകൾ ദേവസ്വത്തിന് അനുകൂലമായിരുന്നു. ദേവസ്വത്തിന് അനുകൂലമായ ഉത്തരവിനെതിരെ ഹർജിക്കാർ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും റിവിഷൻ ഹർജിയിൽ പ്രസ്തുത ഭൂസ്വത്തിന്റെ നിലവിലുള്ള സ്റ്റാറ്റസ് പ്രകാരം സർക്കാർ ഭൂമിയാണെന്നും ആയതിനാൽ ഇക്കാര്യത്തിൽ മലപ്പുറം ജില്ലാ കളക്ടറോട് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. ഈ ഉത്തരവിനെതിരെ ദേവസ്വം ട്രസ്റ്റി ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിലവിലുള്ള ഡബ്ല്യു.പി.(സി) നമ്പർ 9391/08-ൽ ഇടക്കാല ഹർജി ഫയൽ ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതി അന്തിമവിധി പുറപ്പെടുവിച്ചിട്ടില്ല.

കുറ്റ്യാടി മണ്ഡലത്തിലെ ക്ഷേത്രങ്ങൾക്ക് ധനസഹായം

110 (4913) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2015-16 വർഷത്തിൽ ദേവസ്വം ബോർഡിന് കീഴിലുള്ളതും അല്ലാത്തതുമായ ക്ഷേത്രങ്ങൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ടോ ; എങ്കിൽ കുറ്റ്യാടി മണ്ഡലത്തിലെ ഏതെല്ലാം ക്ഷേത്രങ്ങൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) ദേവസ്വം ബോർഡും സർക്കാരും നൽകുന്ന ധനസഹായത്തിന് ക്ഷേത്രങ്ങൾ അപേക്ഷിക്കേണ്ടതിന്റെയും ധനസഹായം അനുവദിക്കുന്നതിന്റെയും മാനദണ്ഡങ്ങൾ വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2015-16 വർഷത്തെ ജീർണ്ണോദ്ധാരണ ധനസഹായത്തിനായി അപേക്ഷ ക്ഷണിച്ചിട്ടില്ല.

(ബി) ക്ഷേത്രങ്ങളുടെ ജീർണ്ണോദ്ധാരണത്തിനായി ധനസഹായം അനുവദിക്കുന്നതിൽ ഓരോ വർഷവും അപേക്ഷ ക്ഷണിച്ചുകൊണ്ട് പത്രങ്ങൾ വഴിയും വെബ് സൈറ്റിലും പരസ്യപ്പെടുത്താറുണ്ട്. മലബാർ ദേവസ്വം ബോർഡ് ഡിവിഷൻ അസിസ്റ്റന്റ് കമ്മീഷണർ ഓഫീസുകൾവഴി നിശ്ചിത മാതൃകയിലുള്ള അപേക്ഷഫോറം ക്ഷേത്ര ഭരണാധികാരികൾക്ക് സൗജന്യമായി നൽകിവരുന്നുണ്ട്. നിശ്ചിത സമയപരിധിക്കുള്ളിൽ അസിസ്റ്റന്റ് കമ്മീഷണർ ഓഫീസിൽ സമർപ്പിക്കുന്ന അപേക്ഷകൾ ഓരോ ഡിവിഷനിലെയും അതാത് ഏരിയാ കമ്മിറ്റി പരിശോധിച്ച് അർഹരായവരെ ശിപാർശ ചെയ്യുകയും പ്രസ്തുത ലിസ്റ്റ് മലബാർ ദേവസ്വം ബോർഡ് യോഗം പരിഗണിച്ചതിനുശേഷം, സർക്കാർതലത്തിലുള്ള ഗ്രാന്റ് കമ്മിറ്റിയുടെ അംഗീകാരത്തോടെ അന്തിമ ലിസ്റ്റിന് രൂപം നൽകിയശേഷം ഓരോ ക്ഷേത്രത്തിനും അനുവദിക്കപ്പെട്ട ഗ്രാന്റ് തുക ഗഡുക്കളായി നൽകി വരുകയുമാണ് ചെയ്യുന്നത്.

ശബരിമലയിൽ റോപ് വേ നിർമ്മാണം

111 (4914) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ മണ്ഡലകാലത്ത് ശബരിമല സന്നിധാനത്ത് അപകടത്തിൽപ്പെട്ടും അല്ലാതെയും എത്ര മരണങ്ങൾ സംഭവിച്ചു എന്നു പറയാമോ ; അടിയന്തര ശുശ്രൂഷ വേണ്ട അയ്യപ്പഭക്തരെ സന്നിധാനത്തു നിന്നും പമ്പയിലെ ആശുപത്രിയിൽ എത്തിക്കാൻ നിലവിൽ എന്ത് സംവിധാനമാണുള്ളത് ;

(ബി) അടിയന്തര സാഹചര്യത്തിൽ ഉപയോഗിക്കാൻ ശബരിമലയിൽ റോപ് വേ സംവിധാനം ഏർപ്പെടുത്തുന്ന നടപടികൾ ഏതു ഘട്ടം വരെയായി ; ഇതിനായി സാധ്യതാപഠന റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തൊക്കെ നിർദ്ദേശങ്ങളാണ് റിപ്പോർട്ടിൽ പറയുന്നത് എന്ന് വിശദമാക്കാമോ ;

(സി) ശബരിമലയിൽ റോപ് വേ നിർമ്മിക്കാൻ ഹൈപവർ കമ്മറ്റി തീരുമാനം എടുത്തത് എന്നാണ് ; റോപ് വേ നിർമ്മാണത്തിന് ഏതെങ്കിലും കമ്പനിയുമായി കരാർ ഒപ്പുവച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്ന് എന്നുപറയാമോ ;

LIBRARY ARCHIVES Kerala Legislative Assembly